**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3827** **03-03-2023 - ൽ മറുപടിയ്ക്ക്**

**ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുന്ന പദ്ധതിയിൽ ഇതുവരെ എത്ര കണക്ഷനുകൾ നൽകാനായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | 7569 ഗുണഭോക്താക്കളുടെ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇതിൽ അയ്യായിരത്തോളം വീടുകളിലേക്ക് കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന വിവരം ലഭ്യമാക്കുമോ; | (ബി) | ഓരോ നിയോജകമണ്ഡലത്തിലെയും, കെ-ഫോണിന്റെ പോയിന്റ് ഓഫ് പ്രസൻസുകൾ (PoP) ഉള്ള പഞ്ചായത്തുകളിൽ ഏറ്റവും എളുപ്പം കണക്ഷൻ നല്കാൻ കഴിയുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 100 കുടുംബങ്ങൾക്കാണ് ആദ്യം കണക്ഷൻ നൽകേണ്ടത്. ഇതിൽ, എസ്. സി., എസ്.ടി. വിഭാഗങ്ങൾക്ക് യഥാക്രമം 10%, 3% എന്നിങ്ങനെ മുൻഗണന നിശ്ചയിച്ചിട്ടുണ്ട്. എസ്.ടി. വിഭാഗങ്ങൾ ലഭ്യമല്ലെങ്കിൽ 3% കൂടി എസ്.സിയ്ക്ക് നൽകേണ്ടതും എസ്.സി. വിഭാഗങ്ങൾ ലഭ്യമല്ലെങ്കിൽ 10% കൂടി എസ്.ടി. വിഭാഗങ്ങൾക്ക് നൽകേണ്ടതുമാണ്. ഈ രണ്ടു വിഭാഗങ്ങളും ഇല്ലെങ്കിൽ ജനറൽ വിഭാഗത്തിലെ ബി.പി.എൽ കുടുംബങ്ങൾക്ക് മാത്രമായി കണക്ഷൻ നൽകാവുന്നതാണ്. |
| (സി) | തിരൂർ മണ്ഡലത്തിൽ പ്രസ്തുത സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകേണ്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എത്ര പേർക്ക് ഇതുവരെ കണക്ഷൻ നൽകാനായി എന്നതിന്റെ വിശദവിവരം ലഭ്യമാക്കാമോ; | (സി) | തിരൂർ നിയോജകമണ്ഡലത്തിലെ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കിയിട്ടില്ല. |
| (ഡി) | കെ-ഫോൺ പദ്ധതിയുടെ ഭാഗമായി തിരൂർ നിയോജകമണ്ഡലത്തിൽ ഇതുവരെ എത്ര സർക്കാർ സ്ഥാപനങ്ങളിൽ പ്രസ്തുത സേവനം ലഭ്യമാക്കാനായിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കുമോ? | (ഡി) | തിരൂർ നിയോജക മണ്ഡലത്തിലെ 212 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും അതിൽ 20 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മലപ്പുറം |

| | | | |
|---|---|---|---|
| | | | ജില്ലയിൽ റോഡ് വികസനവുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുന്ന ഭാഗങ്ങൾ ഒഴികെയുള്ള പ്രദേശങ്ങളിലെ സർക്കാർ ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ 2023 മാർച്ച് 31-ന മുൻപായി കെ-ഫോൺ മുഖേനെ ഇന്റർനെറ്റ് ലഭ്യത ഉറപ്പവരുത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ